# സത്യവും അസത്യവും ആഹാരം കഴിച്ച കഥ!

ഒരിക്കൽ സത്യം അസത്യത്തെ വഴിയിൽ കണ്ടുമുട്ടി. "ഗുഡ് ഈവനിംഗ്" സത്യം അസത്യത്തെ അഭിവാദനം ചെയ്തു. "ഹായ്.. ഗുഡ് ഈവനിംഗ് ഗുഡ് ഈവനിംഗ്.. എങ്ങനെയുണ്ട് താങ്കൾക്ക്?" അസത്യം ചോദിച്ചു. "എന്നെപ്പോലെയുള്ള ഒരാൾക്ക് ഈ കാലം അത്രനല്ലതല്ലെന്ന് ആർക്കും ഊഹിക്കാവുന്നതല്ലേയുള്ളു?" സത്യം മറ്റൊരുചോദ്യമാണ് അതിനു മറുപടിയായി നൽകിയത്. "അതേ, അതേ.. നിന്റെ ജീവിതം കഠിനമാണെന്ന് നിന്നെ കണ്ടപ്പോഴേ എനിക്കു മനസ്സിലായി.." സത്യത്തിന്റെ കീറിപ്പറിഞ്ഞ വസ്ത്രങ്ങളും അതിനുള്ളിലെ മെല്ലിച്ച ശരീരവും ശ്രദ്ധിച്ചുകൊണ്ട് അസത്യം സഹതാപത്തോടെ പിറുപിറുത്തു.. "നീ ആഹാരം കഴിച്ചിട്ട് കുറച്ചുദിവസം ആയെന്ന് തോന്നുന്നു.. എന്നോടു ചേർന്നു നടന്നുകൊള്ളുക. ജീവിക്കേണ്ടത് എങ്ങനെയെന്ന് ഞാൻ പഠിപ്പിക്കാം. ഈ ലോകത്തിൽ നന്നായി ആഹാരം കഴിക്കുവാനും, എന്നെപ്പോലെ വിലയേറിയ വസ്ത്രങ്ങൾ അണിഞ്ഞുനടക്കാനും അധികം അദ്ധ്വാനിക്കുകയൊന്നും വേണ്ടാ.. പക്ഷേ, ഒരുകാര്യം എന്നോടൊപ്പം നിൽക്കുമ്പോൾ നീ സംസാരിക്കാൻ പാടില്ല!"

അസത്യവുമായുള്ള കൂട്ടുകെട്ട് നല്ലതല്ലെന്ന് അറിയാമായിരുന്നിട്ടും, പരീക്ഷണാർത്ഥം, അസത്യത്തിന്റെ വാക്കനുസരിച്ച് അനുഗമിക്കാമെന്ന് സത്യം ഉറപ്പുനൽകി. അങ്ങനെ അവർ പട്ടണത്തിലേക്കു നടന്നു. ഏറ്റവും നല്ല ഒരു ഹോട്ടലിലാണ് അവരുടെ യാത്ര അവസാനിച്ചത്. അസത്യം ഏറ്റവും നല്ല ആഹാരപദാർത്ഥങ്ങൾ ഓർഡർചെയ്തു. അവർ ഇരുവരും വയറുനിറയെ ഭക്ഷിച്ചു.

ഭക്ഷണശേഷം അസത്യം അക്ഷമനായി മേശയിൽ തട്ടി ശ്രദ്ധയാകർഷിച്ചശേഷം മാനേജരെ അടുത്തേക്കുവിളിച്ചു. മാനേജർ ഓടിയെത്തിയപ്പോൾ അസത്യം പുലമ്പി: "ഇതെന്തൊരു നരകമാണ്?" കാര്യം അറിയാതെ കുഴഞ്ഞ മാനേജർ ഭവ്യതയോടെ പറഞ്ഞു: "സർ, പതിയെ പറയണം.. ഒച്ചവെക്കരുത്.. എന്തുപറ്റി?". ഒട്ടും കൂസലില്ലാതെ അസത്യം തുടർന്നു: "ഞങ്ങൾ കഴിച്ച ആഹാരത്തിന്റെ വിലനൽകാൻ എന്റെ പക്കൽ ചില്ലറയില്ലായിരുന്നു. വെയിറ്ററുടെ പക്കൽ ഒരു സ്വർണ്ണനാണയം കൊടുത്തയച്ചിട്ട് അരമണിക്കൂർ കഴിഞ്ഞു. ഇതുവരെ അയാൾ തിരികെയെത്തിയില്ല."

മാനേജർ വെയിറ്ററെ വിളിച്ചുവരുത്തി ചോദ്യം ചെയ്തപ്പോൾ, അയാൾ അന്നത്തെ ദിവസം ഒരു സ്വർണ്ണനാണയം കണ്ടിട്ടു പോലുമില്ലെന്നറിയിച്ചു. ഇതുകേട്ട അസത്യത്തിന് ശൗര്യം വർദ്ധിച്ചു: "എന്താണ് നീ പറഞ്ഞത്?" അസത്യത്തിന്റെ ആക്രോശം കേട്ട് ഹോട്ടലിലുള്ളവരെല്ലാം അങ്ങോട്ടു ശ്രദ്ധിച്ചപ്പോൾ അസത്യം തുടർന്നു: "നല്ല ഒരു ഹോട്ടലാണെന്നു കരുതിയാണ് ഇങ്ങോട്ട് വന്നത്! ഇപ്പോഴാണ് മനസ്സിലായത് ഇത് ഈ രാജ്യത്തെ സത്യസന്ധരായ പൗരന്മാരെ പറ്റിക്കുന്നിടമാണെന്ന്!!" വെയിറ്റർ എന്തോ പറയാൻ ശ്രമിച്ചെങ്കിലും ക്രുദ്ധനായ മാനേജരുടെ നോട്ടത്തിൽ അയാൾ നിശബ്ദനായി.

എല്ലാവരും പകച്ചുനിൽക്കുമ്പോൾ അസത്യം തന്റെ പോക്കറ്റിൽനിന്നും ഒരു സ്വർണ്ണനാണയം പുറത്തെടുത്ത് മാനേജരുടെ നേർക്കിട്ടു: "ഇതാ, ഇതിന്റെയെങ്കിലും ബാക്കി വേഗം കൊണ്ടുവരണം. ഒരുപ്രാവശ്യം ആർക്കും ആരെയും പറ്റിക്കാം.. പക്ഷേ.. ഇനിയും ഞാൻ ഈ ഹോട്ടലിൽ കാലുകുത്തില്ല.." അപമാനിതനായ മാനേജർ ആ സ്വർണ്ണനാണയം തിരികെക്കൊടുത്തു. അസത്യം നൽകിയെന്നാരോപിച്ച സ്വർണ്ണനാണയത്തിന്റെ ബാക്കിയും നൽകി! വിജയഭാവത്തിൽ തലയുയർത്തി പുറത്തേക്കുനടന്ന അസത്യത്തിന്റെ പിന്നാലെ മനസ്സാക്ഷിക്കുത്തുനിമിത്തം തലതാഴ്ത്തി സത്യം പുറത്തുകടന്നു.

മന്ദഹാസത്തോടെ പുറത്തുകടന്ന അസത്യം സത്യത്തിന്റെ തോളിൽ തട്ടിക്കൊണ്ട് ചോദിച്ചു: "മണ്ടച്ചാരേ.. ഇപ്പോൾ മനസ്സിലോയോ ഈ ലോകത്തിൽ എങ്ങനെ ജീവിക്കണമെന്ന്? എത്ര സമർത്ഥമായാണ് ഞാൻ കാര്യങ്ങൾ കൈകാര്യം ചെയ്തത്?"

അസത്യത്തിന്റെ കൂടെക്കൂടിയതിൽ ദുഃഖിച്ച സത്യം ആ കരം തട്ടിമാറ്റിക്കൊണ്ട് തന്റെ തീരുമാനം അറിയിച്ചു: "നിന്നോടൊപ്പം സുഖിച്ചുജീവിക്കുന്നതിലും നല്ലത് പട്ടിണികിടക്കുന്നതാണ്. ഇനി നിനക്കു നിന്റെ വഴി." സത്യം പിന്നീടൊരിക്കലും അസത്യത്തോടൊത്ത് യാത്രചെയ്തിട്ടില്ല. "ന്യായരഹിതമായ വലിയ വരവിനെക്കാൾ നീതിയോടെയുള്ള അല്പം നല്ലത്" (സദൃശ. 16:8) "ആകയാൽ ഭോഷ്ക്ക് ഉപേക്ഷിച്ച് ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനോടു സത്യം സംസാരിക്കുവിൻ.." (എഫേ. 4:25).

Author: ksabraham.org@gmail.com website: www.ksabraham.org **Free Distribution of this material is encouraged!**